# 1. ഈശ്വരവിശ്വാസത്തിന്റെ ശാസ്ത്രാടിസ്ഥാനം

പി.എ. വാഹിദ്

നാം ജീവിക്കുന്നത് ശാസ്ത്ര യുഗത്തിലാണ്. ശാസ്ത്രാടിസ്ഥാനത്തിൽ വിശകലനം ചെയ്താണ് ഏതൊരാശയത്തിന്റെയും സത്യത നിർണ്ണയിക്കുന്നത്. ദൈവമുണ്ടോ ഇല്ലയോ എന്ന ചോദ്യം ശാസ്ത്ര ഗവേഷണ വിഷയമായി പരിഗണിക്കപ്പെടാതെ ഇന്നും അവശേഷിക്കുന്നു. അതിനു കാരണമായി ശാസ്ത്രജ്ഞന്മാർ പറയുന്നത് ദൈവം ഉണ്ടോ ഇല്ലയോ എന്നത് തെളിയിക്കാൻ പറ്റാത്ത ആശയമാണെന്നാണ്. എന്നിരുന്നാലും അവർ പ്രചരിപ്പിക്കുന്നത് നിരീശ്വരവാദമാണു താനും. ദൈവം ഉണ്ടോ ഇല്ലയോ എന്ന് തെളിയിക്കാൻ പറ്റില്ല എന്നു പറയുന്നതും തെറ്റിദ്ധാരണാജനകമാണ്. നിരീശ്വരവാദം തെളിയിക്കാൻ പറ്റാത്ത ആശയമാകാം. പക്ഷെ ഈശ്വരാസ്തിത്വം ശാസ്ത്രീയമായി തെളിയിക്കാനാവുന്നതാണ്. ആ തെളിവ് നിരീശ്വരവാദം തെറ്റാണെന്നു സ്ഥിരീകരിക്കുകയും ചെയ്യും. നേരിട്ടുള്ള പരീക്ഷണ മാർഗ്ഗം സ്വീകരിച്ചു ദൈവം ഉണ്ടോ ഇല്ലയോ എന്നു കണ്ടെത്തുക അസാധ്യമാണ്. പക്ഷെ ഇതുപോലുള്ള ധാരാളം വിഷയങ്ങൾ ശാസ്ത്രം കൈകാര്യം ചെയ്യുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ അനുയോജ്യമായ മറ്റു ശാസ്ത്ര വഴികൾ അവലംബിക്കുകയാണ് പതിവ്. ശാസ്ത്രമാനമുള്ള ഖുർആനിക സന്ദേശങ്ങളെ ശാസ്ത്ര വിശകലനത്തിനു വിധേയമാക്കി ഈശ്വരാസ്തിത്വത്തെ ശാസ്ത്രീയമായി തെളിയിക്കാനാകുമെന്ന് സ്ഥാപിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**ശാസ്ത്രീയ വിലയിരുത്തലിന്റെ മാനദണ്ഡങ്ങൾ**

ഒരു ആശയത്തെയോ അവകാശവാദത്തെയോ ശാസ്ത്ര സിദ്ധാന്തമായി അംഗീകരിക്കപ്പെടുന്നത്, പരീക്ഷണ വിധേയമാക്കി അതിന്റെ സാധുത തെളിയിക്കാനോ (testability) അല്ലെങ്കിൽ അത് തെറ്റാണെന്നു  തെളിയിക്കാനോ (falsifiability) വകയുണ്ടെങ്കിലാണ്. ആശയം തെളിയിക്കപ്പെട്ടാൽ അതിനെ ശാസ്ത്രസത്യമായി കണക്കാക്കാം. തെറ്റാണെന്നു തെളിയിക്കാൻ (falsifiable) വക നൽകുന്ന സിദ്ധാന്തത്തെയാണ് ശാസ്ത്ര സിദ്ധാന്തമായി പൊതുവെ കണക്കാക്കുന്നത്. ഈ സവിശേഷത ശാസ്ത്ര സിദ്ധാന്തങ്ങൾക്കു ഉണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചത് ബ്രിട്ടീഷ് തത്ത്വചിന്തകനായ കാൾ പോപ്പറാണ്. ശാസ്ത്രത്തെ അശാസ്ത്രത്തിൽ നിന്നു വേർതിരിക്കാനുള്ള മാനദണ്ഡമായാണ് അതിനെ കാണുന്നത്. പക്ഷെ ഈ മാനദണ്ഡം മാത്രമെ ശാസ്ത്ര സിദ്ധാന്തത്തെ തിരിച്ചറിയാൻ സഹായകമാകുകയുള്ളു എന്ന് പറയുന്നില്ല. പല വിമർശകരും ഈ സവിശേഷത ഇല്ലാത്തവയുടെ ഉദാഹരണങ്ങളും ശാസ്ത്ര ചരിത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരിമിതികളുണ്ടെങ്കിലും ശാസ്ത്ര രൂപീകരണത്തിനു വഴികാട്ടിയായി ഈ മാനദണ്ഡം (അതായത്, falsifiability) ഇന്നും നിലനിൽക്കുന്നു.

ഒരു സിദ്ധാന്തത്തെ നേരിട്ടു തെളിയിക്കാനോ, ഖണ്ഡിക്കാനോ സാധ്യമല്ലെങ്കിൽ അതിന്റെ ശാസ്ത്രീയത വിലയിരുത്താൻ അനുയോജ്യമായ പരോക്ഷ വഴികളുണ്ട്. ഉൽപത്തി സിദ്ധാന്തങ്ങൾ ഈ ഗണത്തിൽ പെടുന്നവയാണ്. ഉദാഹരണമായി പ്രപഞ്ചോൽപത്തി വിശദീകരിക്കുന്ന മഹാവിസ്ഫോടന സിദ്ധാന്തം നേരിട്ടുള്ള ശാസ്ത്ര പരീക്ഷണങ്ങൾക്കു വിധേയമാക്കി തെളിയിക്കാനോ ഖണ്ഡിക്കാനോ സാധ്യമല്ല. പകരം ആ സിദ്ധാന്തം നൽകുന്ന പ്രവചനങ്ങളെ പരീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തി സിദ്ധാന്തത്തെ തെളിയിക്കുകയോ തള്ളിക്കളയുകയോ ചെയ്യാനാവുന്നതാണ്. ഈശ്വരാസ്തിത്വത്തെയും നിരീശ്വരവാദത്തെയും ശാസ്ത്രീയമായി പരിശോധിക്കാനും വിലയിരുത്താനും അതുപോലൊരു മാർഗ്ഗമാണ് ഇവിടെ സ്വീകരിക്കുന്നത്.

**നിരീശ്വരവാദത്തിന്റെ അശാസ്ത്രീയത**

പ്രപഞ്ചം എങ്ങനെയുണ്ടായി എന്ന ചോദ്യത്തിനു ഒന്നുകിൽ അത് സൃഷ്ടിക്കപ്പെട്ടത് അല്ലെങ്കിൽ അത് സ്വയം ഭൂവായുണ്ടായത് എന്ന ഉത്തരമാണുള്ളത്. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതല്ലെന്നും സ്വയം ഭൂവായുണ്ടായതാണെന്നുമാണ് നിരീശ്വരവാദത്തിന്റെ പ്രായോഗിക വശം. ആൽബർട്ട് ഐൻസ്റ്റീന്റെ വിഖ്യാതമായ ഊർജ്ജം = പിണ്ഡം X (പ്രകാശ വേഗം)[2] എന്ന സമവാക്യം ഊർജ്ജവും ദ്രവ്യവും തമ്മിലുള്ള പരസ്പര രൂപാന്തരീകരണത്തിന്റെ (transformation) ശേഷിയെ സ്ഥിരീകരിക്കുന്നു. അതെല്ലാതെ ഊർജ്ജത്തിന്നോ ദ്രവ്യത്തിന്നോ സ്വയം ഭൂവായുണ്ടാകാൻ സാധിക്കുമെന്നതിന് ഒരു ശാസ്ത്ര തെളിവുമില്ല. മഹാവിസ്ഫോടന സിദ്ധാന്തത്തെ എതിർത്തുകൊണ്ട് നാസ്തിക ലോബി അവതരിപ്പിച്ച സുസ്ഥിര പ്രപഞ്ച സിദ്ധാന്തം തള്ളപ്പെടാനുള്ള മുഖ്യകാരണം തുടർച്ചയായ ദ്രവ്യോൽപാദനം നടക്കുന്നുണ്ടെന്ന അതിന്റെ പ്രവചനം ശാസ്ത്ര തത്ത്വങ്ങൾക്കു വിരുദ്ധമായതു കൊണ്ടാണ്. ഊർജ്ജ (ദ്രവ്യ) സൃഷ്ടിപ്പ് പ്രപഞ്ചാരംഭം കുറിച്ച ആവർത്തിക്കപ്പെടാത്ത ഒരു സംഭവമാണ്. ഊർജ്ജത്തിന്നോ ദ്രവ്യത്തിന്നോ സ്വയം ഭൂവാകാനുള്ള ഗുണവിശേഷമുണ്ടായിരുന്നെങ്കിൽ ഈ പ്രപഞ്ചത്തിന്റെ കോടാനുകോടി വർഷ ചരിത്രത്തിൽ ഒരു തവണയെങ്കിലും ആ സ്വഭാവം അത് പ്രകടിപ്പിക്കുമായിരുന്നു. ആ ഗുണവിശേഷമില്ലാതിരുന്നതു കൊണ്ടാണ് പ്രപഞ്ചോൽപത്തിയിലുണ്ടായിരുന്ന ഊർജ്ജം അളവിൽ മാറ്റമില്ലാതെ ഇന്നും തുടരുന്നത്. ഊർജ്ജത്തെ ഉൽപാദിപ്പിക്കാനോ നശിപ്പിക്കാനോ സാധ്യമല്ലെന്നും അതിന്റെ അളവ് സംരക്ഷണത്തിലാണുമെന്ന (energy conservation) ഘർമപ്രവർത്തന ശാസ്ത്രത്തിന്റെ (thermodynamics) ഒന്നാം നിയമം ഇതു തന്നെയാണ് സൂചിപ്പിക്കുന്നത്. അപ്പോൾ പ്രപഞ്ചത്തിനു സ്വയം ഭൂവായുണ്ടാകാൻ സാധ്യമല്ലെന്നാണ് ഈ ശാസ്ത്ര സിദ്ധാന്തങ്ങളിൽ നിന്നും നിരീക്ഷണങ്ങളിൽ നിന്നും തെളിയുന്ന ചിത്രം.

മറ്റൊന്ന്, നിരീശ്വരവാദത്തെ സ്വതന്ത്രമായി പരിശോധിക്കുകയാണെങ്കിൽ പരോക്ഷമായെങ്കിലും അതിനെ തെളിയിക്കാനോ ഖണ്ഡിക്കാനോ സാധ്യമല്ലെന്നു വ്യക്തമാകുന്നതാണ്. ഖണ്ഡിക്കാനുതകുന്ന (falsifiable) പ്രവചനവും നിരീശ്വരവാദം നൽകുന്നില്ല. നിരീശ്വരവാദത്തിനു ശാസ്ത്രീയടിത്തറയില്ലെന്നു സ്ഥിരീകരിക്കാൻ ഇത് തന്നെ മതിയായ തെളിവാണ്. ഈശ്വരനില്ലെന്ന ആശയം തന്നെ ശാസ്ത്ര പരിധിക്കു പുറത്താണ്. അക്കാരണം കൊണ്ടു തന്നെ നിരീശ്വരവാദത്തിലധിഷ്ഠിതമായ 'ശാസ്ത്ര' സിദ്ധാന്തങ്ങളെല്ലാം മുഖവിലക്കുപോലും എടുക്കാതെ ഈശ്വര വിശ്വാസികൾ തള്ളിക്കളയേണ്ടതാണ്. ഈശ്വരവാദത്തെ ബലപ്പെടുത്തുന്ന മഹാവിസ്ഫോടന സിദ്ധാന്തം നിലനിൽക്കുന്നതും, ഈശ്വരാസ്തിത്ത്വത്തെ വെല്ലുവിളിക്കുന്ന സുസ്ഥിര പ്രപഞ്ച സിദ്ധാന്തം ശാസ്ത്രരംഗത്തു നിന്ന് പുറംതള്ളപ്പെട്ടതും, പരിണാമ സിദ്ധാന്തം തെളിവുകളില്ലാതെ അടിത്തറയിളകി നിൽക്കുന്നതും, സത്യം അസത്യത്തെ അതിജീവിക്കുമെന്നതിന്റെ സാക്ഷാൽക്കാരമായിട്ടേ ബുദ്ധിജീവികൾക്കു കാണാനാവൂ. നിരീശ്വരവാദത്തെ പ്രത്യക്ഷത്തിൽ തന്നെ ശാസ്ത്രം നിരാകരിക്കുമ്പോൾ, ശാസ്ത്രാടിസ്ഥാനം മാത്രമെ സ്വീകാര്യമാകൂ എന്ന് വാദിക്കുന്നവർ എന്തേ അതംഗീകരിക്കാത്തത്?

**ഖുർആനിക വെളിപാടുകളുടെ ശാസ്ത്രീയത**

പ്രപഞ്ചത്തിനു സ്വയം ഭൂവാകാനാകില്ലെന്ന ശാസ്ത്ര നിഗമനം വ്യക്തമാക്കുന്നത് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്നാണ്. അതായത് പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ടെന്നാണ്. അങ്ങനെ പറയുമ്പോൾ ആ സ്രഷ്ടാവിനെ ആര് സൃഷ്ടിച്ചു എന്ന ചോദ്യമാണ് നിരീശ്വരവാദികൾ ഉയർത്തുക. സ്രഷ്ടാവിനെ മറ്റൊരു ദൈവം സൃഷ്ടിച്ചു എന്നാണ് ഉത്തരം നൽകുന്നതെങ്കിൽ ആദ്യത്തെ ചോദ്യത്തിലേക്കു തന്നെയാണ് അത് വീണ്ടും എത്തിക്കുക. അങ്ങനെ അന്ത്യമില്ലാത്ത ആവർത്തനമായി ആ ചോദ്യം നിലനിൽക്കുകയേയുള്ളു. ഇവിടെ നിരീശ്വരവാദികൾ മനസ്സിലാക്കാത്തത് സൃഷ്ടിക്കപ്പെടാത്ത, എന്നെന്നും ജീവിക്കുന്ന, സൃഷ്ടിക്കാൻ കഴിവുള്ള ഒരു ശക്തിയെയാണ് ഈശ്വരവിശ്വാസികൾ സ്രഷ്ടാവായി

കണക്കാക്കുന്നതെന്നാണ്. നിരീശ്വരവാദത്തിനു ശാസ്ത്രാടിസ്ഥാനമില്ലെന്നു തെളിഞ്ഞിരിക്കെ ഈശ്വരവിശ്വാസത്തെ അവർ ചോദ്യം ചെയ്യുന്നതിൽ ഒരു കഴമ്പുമില്ല.

നിരീശ്വരവാദത്തിന്റെ ശാസ്ത്രീയടിസ്ഥാനമില്ലായ്മ ഈശ്വരവാദത്തെ പരോക്ഷമായേ തെളിയിക്കാനുതകുവെന്നും അത് ഈശ്വരാസ്തിത്ത്വത്തിന്റെ ശാസ്ത്രീയ സ്ഥിരീകരണമാവില്ലെന്നും വാദിച്ചേക്കാം. ശാസ്ത്ര വീക്ഷണത്തിൽ അത് ശരിയാണു താനും. ഈശ്വരാസ്തിത്ത്വത്തിനു സ്വതന്ത്രമായ ശാസ്ത്രാടിത്തറയുണ്ടെന്നു കൂടി സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഈശ്വരവിശ്വാസിയെ സംബന്ധിച്ചേടത്തോളം ദൈവം അദൃശ്യതയിൽ നിലകൊള്ളുന്നുണ്ടെന്ന് സ്ഥിരീകരിക്കാനാവശ്യമായ ശാസ്ത്ര തെളിവുകൾ അവതരിപ്പിക്കേണ്ടിയിരിക്കുന്നു.

ഖുർആനിൽ അല്ലാഹു മനുഷ്യനോടു കൽപിക്കുന്നത് അദൃശ്യമായ നിലയിൽ അവനിൽ വിശ്വസിച്ചു അനുസരിക്കുവാനാണ് (ഖു. 5:94). അദൃശ്യമായ ദൈവത്തെ ശാസ്ത്രീയമായി സ്ഥിരീകരിക്കാനുള്ള ഏക മാർഗ്ഗം അവന്റെ വെളിപാടുകൾ സത്യമാണെന്നു ശാസ്ത്രീയമായി തെളിയിക്കുന്നതിലൂടെയാണ്. അദൃശ്യ ദൈവത്തിൽ അന്ധമായി വിശ്വസിക്കാനുള്ള ആഹ്വാനമായല്ല ഈ ഖുർആൻ നിർദ്ദേശത്തെ (ഖു. 5:94) കാണേണ്ടത്. മറിച്ച് അല്ലാഹു മനുഷ്യനു പ്രദാനം ചെയ്ത ബുദ്ധിയുപയോഗിച്ചു (ഈ കാലഘട്ടത്തിലെ ജനങ്ങൾ ശാസ്ത്രവിജ്ഞാനത്തിന്റെ സഹായത്തോടെയും) അവന്റെ അനുഗ്രഹങ്ങളെയും കഴിവിനെയും അധികാരത്തെയും ചിന്തിച്ചു മനസ്സിലാക്കി വിശ്വാസിക്കാനാണ് അല്ലാഹു കൽപിക്കുന്നത്. ഈ വസ്തുത ഖുർആനിൽ പലയിടത്തും നൽകിയിരിക്കുന്ന നിർദ്ദേശങ്ങളിൽ നിന്നു വ്യക്തമാകുന്നതാണ്. അങ്ങനെയൊരു നിർദ്ദേശം മറ്റു വേദഗ്രന്ഥങ്ങൾക്കൊന്നുമില്ലാത്ത ഖുർആന്റെ മാത്രം സവിശേഷതയാണ്. ഒന്നു രണ്ടു ഉദാഹരണങ്ങൾ ഇവിടെ കൊടുക്കുന്നു: ''അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ.'' (ഖു. 3:189–191). ''അവനാണ് നിങ്ങൾക്ക് വേണ്ടി നക്ഷത്രങ്ങളെ, കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് അവ മുഖേന വഴിയറിയാൻ പാകത്തിലാക്കിത്തന്നത്. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി നാമിതാ ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചിരിക്കുന്നു.'' (ഖു. 6:97). ''ആകാശഭൂമികളുടെ സൃഷ്ടിപ്പും, നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.'' (ഖു. 30:22). ''(മഴയെപ്പറ്റി) സന്തോഷസൂചകമായിക്കൊണ്ടും, തന്റെ കാരുണ്യത്തിൽ നിന്ന് നിങ്ങൾക്ക് അനുഭവിപ്പിക്കാൻ വേണ്ടിയും, തന്റെ കൽപനപ്രകാരം കപ്പൽ സഞ്ചരിക്കുവാൻ വേണ്ടിയും, തന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ ഉപജീവനം തേടുവാൻ വേണ്ടിയും, നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയും അവൻ കാറ്റുകളെ അയക്കുന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ.'' (ഖു. 30:46).

ഖുർആൻ ദിവ്യഗ്രന്ഥമാണെന്നു വിശ്വസിക്കുന്നതു കൊണ്ടും ഖുർആനിക വെളിപ്പെടുത്തലുകളെ ശാസ്ത്രക്കണ്ടെത്തലുകളുമായി വിലയിരുത്തി തെറ്റാണെന്നു തെളിയിക്കാൻ (falsifiable) വകയുള്ളതു കൊണ്ടും, ഈശ്വരനുണ്ടെന്ന ആശയം ഒരു ശാസ്ത്ര സിദ്ധാന്തത്തോടു തുലനം ചെയ്യാവുന്നതാണ്. ഖുർആനിക വെളിപ്പെടുത്തലുകൾ ആ സിദ്ധാന്തത്തിന്റെ പ്രവചനങ്ങളായും കണക്കാക്കാവുന്നതാണ്. ഒരു ശാസ്ത്ര സിദ്ധാന്തത്തിന്റെ പ്രവചനങ്ങൾ ശരിയാണെന്നു തെളിയക്കപ്പെട്ടാൽ ആ സിദ്ധാന്തം ശാസ്ത്ര സത്യമായി സ്ഥിരീകരിക്കപ്പെടുന്നതു പോലെ, ഖുർആനിക വെളിപ്പെടുത്തലുകൾ ശാസ്ത്രക്കണ്ടെത്തലുകളുമായി വിലയിരുത്തി ശരിയാണെന്നു സമർത്ഥിക്കപ്പെട്ടാൽ ഖുർആൻ

ശാസ്ത്ര സത്യമാണെന്നും തദ്വാരാ അതിന്റെ കർത്താവായ ദൈവം യാഥാർത്ഥ്യമാണെന്നും തെളിയുന്നതാണ്. പ്രപഞ്ച സൃഷ്ടിപ്പിനെയും, അതിന്റെ സംവിധാനത്തെയും, പ്രകൃതി നിയമങ്ങളെയും, മനുഷ്യ-പ്രപഞ്ച ഭാവി കാര്യങ്ങളെയും സംബന്ധിച്ച പല സന്ദേശങ്ങളും ഖുർആൻ നൽകുന്നുണ്ട്. ഈ വിഷയങ്ങളിലുള്ള മിക്ക സന്ദേശങ്ങളും ശാസ്ത്രമാനമുള്ളവയാണ്. അവയുടെ സാധുതയെ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുകയാണിവിടെ.

**1. ശാസ്ത്രീയമായി ഖണ്ഡിക്കാനാവുന്ന (falsifiable) ഖുർആനിക വെളിപ്പെടുത്തലുകൾ**

ശാസ്ത്രീയമായി ഖണ്ഡിക്കാനാവുന്ന ഒട്ടേറെ സൂക്തങ്ങൾ ഖുർആനിലുണ്ട്. അവയിൽ ചിലത് മാത്രമെ ഇവിടെ പരിഗണിക്കുന്നുള്ളു.

പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കയാണെന്നു ഖുർആൻ വെളിപ്പെടുത്തുന്നു. ''ആകാശ മാകട്ടെ നാം അതിനെ കരങ്ങളാൽ നിർമ്മിച്ചിരിക്കുന്നു. തീർച്ചയായും നാമാണ് വികസിപ്പിക്കുന്നത്.'' (ഖു. 51:47). അമേരിക്കൻ ജ്യോതിശ്ശാസ്ത്രജ്ഞനായ എഡ്വിൻ ഹബ്ബിളിന്റെ 1924ലെ കണ്ടുപിടുത്തം വികസിക്കുന്ന പ്രപഞ്ചത്തെ സ്ഥിരീകരിക്കുന്നതായിരുന്നു. ഇത് സൂചിപ്പിക്കുന്നത് എത്രയോ വർഷങ്ങൾക്കു മുമ്പ് പ്രപഞ്ചഘടകങ്ങളെല്ലാം ഒന്നിച്ചായിരുന്നുവെന്നാണ്. ''സത്യനിഷേധികൾ കണ്ടില്ലേ, ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപെടുത്തുകയായിരുന്നുവെന്നും...'' (ഖു. 21:30). മഹാവിസഫോടന സിദ്ധാന്തത്തിന്റെ രൂപവൽക്കരണത്തിനു വഴി തെളിച്ചതും ഈ വസതുതകളൊക്കെ ആയിരുന്നു.

മറ്റൊന്ന് സൂര്യനെ വിളക്കായും, ചന്ദ്രനെ പ്രകാശമായുമാണ് ഖുർആൻ വിവരിക്കുന്നത്. ''നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്. ചന്ദ്രനെ അവിടെ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ ഒരു വിളക്കുമാക്കിയിരിക്കുന്നു.'' (ഖു. 71:15-16). ശാസ്ത്ര കണ്ടെത്തലുകൾ ശരിവെക്കുന്നതാണ് ഈ ഉപമകൾ. സൂര്യൻ ഊർജ്ജവും പ്രകാശവുമുള്ള വൈദ്യുതകാന്ത തരംഗങ്ങൾ ഉൽപാദിപ്പിക്കുന്ന നക്ഷത്രമാണ്. അതിനെ വിളക്കോടു ഉപമിക്കാം. ചന്ദ്രൻ പ്രകാശം ഉൽപാദിപ്പിക്കുന്നില്ല. അതിന്റെ ഉപരിതലത്തിൽ പതിക്കുന്ന സൂര്യകിരണങ്ങളെ പ്രതിഫലിപ്പിക്കുന്നതുകൊണ്ടാണ് അത് പ്രകാശമാനമായി കാണപ്പെടുന്നത്. ഈ യാഥാർത്ഥ്യം ഖുർആനിക വെളിപ്പെടുത്തലുകളെ സാധൂകരിക്കുന്നു.

സൂര്യനും, ചന്ദ്രനും അവയുടെതായ ഭ്രമണപഥത്തിലൂടെ ചലിച്ചു കൊണ്ടിരിക്കുകയാണെന്നു ഖുർആൻ പ്രസ്താവിക്കുന്നു. ''അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.'' (ഖു. 21:33). ജ്യോതിർഗോളങ്ങളായ നക്ഷത്രം, ഗ്രഹം, ഉപഗ്രഹം എന്നിവയുടെ ഭ്രമണപഥത്തിലൂടെയുള്ള സഞ്ചാരം (orbital motion) ശാസ്ത്രം സ്ഥിരീകരിച്ച വസ്തുതയാണ്.

മനുഷ്യവർഗ്ഗത്തിൽ ലിംഗം നിർണ്ണയിക്കുന്നത് പുരുഷ ബീജമാണെന്നു ഖുർആൻ വെളിപ്പെടുത്തുന്നു. ''മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെ വിട്ടേക്കപ്പെടുമെന്ന്! സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു (അവനെ) സൃഷ്ടിച്ചു സംവിധാനിച്ചു. അങ്ങനെ അതിൽ നിന്ന് ആണും പെണ്ണുമാകുന്ന രണ്ടു ഇണകളെ അവൻ ഉണ്ടാക്കി.'' (ഖു. 75:36-39). ''ഒരു ബീജം സ്രവിക്കപ്പെടുമ്പോൾ അതിൽ നിന്ന് ആൺ, പെൺ എന്നീ രണ്ട് ഇണകളെ അവനാണ് സൃഷ്ടിച്ചതെന്നും'' (ഖു. 53:45-46). ഈ വെളിപ്പെടുത്തൽ ജീവശാസ്ത്രം നൽകുന്ന മനുഷ്യന്റെ ലിംഗനിർണ്ണയ വിശദീകരണത്തോടു പൂർണ്ണമായും യോജിക്കുന്നു. മനുഷ്യന്റെ ശരീര കോശത്തിൽ (2n) 23 ജോഡി ക്രോമൊസോമുകളുള്ളതിൽ 22 ജോഡികൾ ഓട്ടോസോമുകളും (autosomes) ഒരു ജോഡി ലിംഗ (sex) ക്രോമൊസോമുകളുമാണ്. ലിംഗ ക്രോമൊസോമുകൾ

അറിയപ്പെടുന്നത് X, Y എന്നീ നാമങ്ങളിലാണ്. സ്ത്രീയുടെ ലിംഗ (sex) ക്രോമൊസോമുകൾ രണ്ട് X ക്രോമൊസോമുകളാണ്; പുരുഷന്റേത് ഒരു X ക്രോമൊസോമും ഒരു Y ക്രോമൊ സോമുമാണ്. അതായത് XX ചേരുവ സ്ത്രീത്വത്തെയും, XY ചേരുവ പുരുഷത്വത്തെയും തീരു മാനിക്കുന്നു. ബീജകോശത്തിൽ (n) 23 ക്രോമൊസോമുകളാണുള്ളത്. അതായത് 22 ഓട്ടോ സോമുകളും ഒരു ലിംഗ ക്രോമൊസോമും. പുരുഷ ബീജകോശത്തിൽ X അല്ലെങ്കിൽ Y ക്രോമൊസോമായിരിക്കും ലിംഗ ക്രോമൊസോം. സ്ത്രീ ബീജകോശ (അണ്ഡം) ങ്ങളിലെല്ലാം ലിംഗ ക്രോമൊസോം X ക്രോമൊസോമായിരിക്കും. ശരീരകോശത്തിൽ നിന്നാണ് ബീജകോശമുണ്ടാകുന്നത്. അതു കാരണം, ശരീരകോശത്തിലെ ലിംഗ ക്രോമൊസോമുകൾക്കു മാത്രമെ ബീജകോശത്തിൽ സാന്നിദ്ധ്യമുണ്ടാകയുള്ളു. സ്ത്രീപുരുഷ ലൈംഗികബന്ധ ഫലമായി X ലിംഗ ക്രോമൊസോമുള്ള പുരുഷ ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി ചേരുന്നതെങ്കിൽ XX ലിംഗ ക്രോമൊസോം ചേരുവയുള്ള സിക്താണ്ഡമായിരിക്കും (zygote) ഉണ്ടാകുക. അതിൽ നിന്ന് ജനിക്കുന്ന കുഞ്ഞ് പെണ്ണായിരിക്കും. മറിച്ച് Y ലിംഗ ക്രോമൊസോ മുള്ള പുരുഷ ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി ചേരുന്നതെങ്കിൽ XY ലിംഗ ക്രോമൊ സോം ചേരുവയുള്ള സിക്താണ്ഡമായിരിക്കും ഉണ്ടാകുക. അതിൽ നിന്ന് ജനിക്കുന്ന കുഞ്ഞ് ആണായിരിക്കും. അതായത് ആണിനെയും പെണ്ണിനെയും തീരുമാനിക്കുന്നത് പുരുഷ ബീജമാണെന്ന് സാരം.

മോറിസ് ബുകായ് (Maurice Bucaille) യുടെ 1979ൽ പ്രസിദ്ധീകരിച്ച *The Bible, the Qur'an and Science* എന്ന പുസ്തകമാണ് ഖുർആനിലെ പല വെളിപ്പെടുത്തലുകളും ആധുനിക ശാസ്ത്ര കണ്ടെത്തലുകളോട് യോജിക്കുന്നവയാണെന്ന് ലോകത്തെ അറിയിച്ചത്. പാരീസ് സർവ്വകലാശാലയിലെ സർജിക്കൽ ക്ലിനിക്കിന്റെ മേധാവിയായിരുന്നു അദ്ദേഹം. പത്തു വർഷത്തോളം നീണ്ടുനിന്ന തന്റെ ഖുർആൻ ഗവേഷണത്തിൽ നിന്നും മനസ്സിലാക്കിയ ശരീരശാസ്ത്രത്തെയും (physiology) പ്രത്യുൽപാദനത്തെയും സംബന്ധിച്ച ഖുർആനിക വെളിപാടുകളെ 1976ൽ വൈദ്യശാസ്ത്ര ഫഞ്ച് അക്കാദമി മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് ഡോ. ബുകായ് പറഞ്ഞതിങ്ങനെയായിരുന്നു ''...ഈ ആധുനിക കാലത്ത് മാത്രം കണ്ടെത്തിയ ഈ വിഷയങ്ങളിലെ ആശയങ്ങൾ ഖുർആന്റെ അവതരണക്കാലത്ത് ഒരു പ്രസ്താവ (text) ത്തിൽ എങ്ങനെ ഉണ്ടായിയെന്നു വിശദീകരിക്കുവാൻ സാധ്യമല്ല.''

കാനഡയിലെ ടൊറന്റോ സർവ്വകലാശാലയിലെ അനാടൊമി ആന്റ് സെൽ ബയോളജി വകുപ്പിൽ പ്രൊഫസ്സറായിരുന്ന ഡോ. കീത്ത് മൂർ ഖുർആനിലെ മനുഷ്യഭ്രൂണ സംബന്ധമായ വെളിപ്പെടുത്തലുകൾ ആധുനിക ഭ്രൂണശാസ്ത്രവുമായി വളരെ യോജിക്കുന്നതായി കണ്ടെത്തി. ഈ കണ്ടെത്തലുകൾ 1982ൽ പ്രസിദ്ധീകരിച്ച *The Developing Human with Islamic Additions* എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭ്രൂണശാസ്ത്രവുമായി യോജിക്കുന്ന സൂക്തങ്ങൾ ഇവയാണ്: ''ഒരൊറ്റ അസ്തിത്വത്തിൽ നിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് അതിൽ നിന്ന് അതിന്റെ ഇണയെയും അവൻ ഉണ്ടാക്കി...നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു, മൂന്ന് തരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിന് ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാണ് ആധിപത്യം. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്?'' (ഖു. 39:6). ''പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു.'' (ഖു. 23:13–14). ''മനുഷ്യരേ,

ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു.) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടു വരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ്ണ ശക്തി പ്രാപിക്കുന്നതു വരെ (നാം നിങ്ങളെ വളർത്തുന്നു.) (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്...'' (ഖു. 22:5). ഡോ. കീത്ത് മൂർ പറയുന്നു: ''ഭ്രൂണശാസ്ത്രത്തിന്റെ പിറവിക്കു മുമ്പ് ഏഴാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയ പ്രസ്താവനകളുടെ കൃത്യതയിൽ ഞാൻ ആശ്ചര്യം കൂറുകയാണ്.'' കൂടാതെ ഖുർആന്റെ ദിവ്യത്വത്തെയും അദ്ദേഹം സൂചിപ്പിച്ചു: ''ഈ വിവരങ്ങൾ ദൈവം അല്ലെങ്കിൽ അല്ലാഹുവിൽ നിന്നാണ് മുഹമ്മദിനു ലഭിച്ചതെന്നത് എനിക്കു വ്യക്തമാണ്. കാരണം മിക്ക വിവരങ്ങളും കണ്ടുപിടിക്കപ്പെട്ടതു തന്നെ അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞാണ്. ഇത് എനിക്ക് തെളിയിക്കുന്നത് മുഹമ്മദ് ദൈവത്തിന്റെ അല്ലെങ്കിൽ അല്ലാഹുവിന്റെ ദൂതനെന്നാണ്.'' അമുസ്ലിം ശാസ്ത്രജ്ഞരാണ് ഇങ്ങനെ അനുമാനിക്കുന്നതെന്നും ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്.

ഈജിപ്ഷ്യൻ ഫിസിസിസ്റ്റായ ഡോ. മൻസൂർ ഹസ്സബ് എൽ നബി ഖുർആനിലെ 10:5, 21:33, 32:5 എന്നീ സൂക്തങ്ങളിലെ വിവരങ്ങൾ, നക്ഷത്ര വർഷം (sidereal month calendar system), ചന്ദ്രവേഗത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രകാശത്തിന്റെ വേഗത കണ്ടുപിടിച്ചിട്ടുണ്ട്. അങ്ങനെ കണ്ടുപിടിച്ച വേഗത ഒരു സെക്കണ്ടിൽ 299792.5 കി.മീ. ആണ്. ഇത് ശാസ്ത്രം അംഗീകരിക്കപ്പെട്ട വേഗതയായ 299792.4574 കി.മീ.ന് തുല്യമാണെന്നു പറയാം (http://www.islamicity.org/Science/960703AHTM). ഇന്ന് ഖുർആനിലെ ശാസ്ത്ര സന്ദേശങ്ങളെ സംബന്ധിച്ചു ധാരാളം പുസ്തകങ്ങളും വെബസൈറ്റുകളുമുണ്ട്. എങ്കിലും അവയെല്ലാം മികച്ച ശാസ്ത്ര നിലവാരം പുലർത്തുന്നുണ്ടെന്നു പറയാൻ വയ്യ.

ശാസ്ത്ര വിജ്ഞാനത്തെ രണ്ടു ഭാഗങ്ങളായിക്കാണാവുന്നതാണ് – പ്രകൃതി പ്രതിഭാസങ്ങളും, മറ്റൊന്ന് അവയുടെ വിശദീകരണങ്ങളും. പ്രതിഭാസങ്ങൾ മാറ്റമില്ലാതെ നിലനിൽക്കുന്ന പ്രകൃതി സത്യങ്ങളാണെങ്കിലും അവയ്ക്കു നൽകുന്ന വിശദീകരണങ്ങൾ ശാസ്ത്ര പുരോഗതിക്കനുസരിച്ചു മാറാവുന്നതാണ്. ഉദാഹരണമായി വൈദ്യുതിയെ എടുക്കാം. വൈദ്യുതി ഒരു പ്രകൃതി പ്രതിഭാസമാണ്. അതിനു മാറ്റം വരുന്നതല്ല. അതിനെ നിലവിലുള്ള ശാസ്ത്ര വിജ്ഞാനമുപയോഗിച്ചു വിശദീകരിക്കുന്നത് ഇലക്ട്രോണുകളുടെ ഒഴുക്കാണെന്നാണ്. ശാസ്ത്ര പുരോഗതിക്കനുസരിച്ചു ഭാവിയിൽ ഈ വിശദീകരണം മാറിയേക്കാം. ഈ വസ്തുത മനസ്സിലാക്കി വേണം ഖുർആനിക വെളിപാടുകളെ ശാസ്ത്രീയ വിശദീകരണത്തിനു വിധേയമാക്കേണ്ടത്. ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യം ഖുർആനിലുള്ള പ്രപഞ്ചത്തെ സംബന്ധിച്ച പരാമർശങ്ങളെല്ലാം പ്രതിഭാസങ്ങളെയാണ്, പ്രതിഭാസങ്ങളുടെ വിശദീകരണങ്ങളെയല്ല. മേൽ വിശകലനം ചെയ്യപ്പെട്ട ഉദാഹരണങ്ങളിൽ (പ്രപഞ്ചത്തിന്റെ വികാസം, മനുഷ്യന്റെ ലിംഗനിർണ്ണയ ക്രോമൊസോമുകൾ, ജ്യോതിർഗോളങ്ങളുടെ ഭ്രമണപഥത്തിലൂടെയുള്ള സഞ്ചാരം, മുതലായവയെല്ലാം) നിന്നു ഇത് വ്യക്തമാകുന്നതാണ്. കൂടാതെ, ഏതെങ്കിലും ഖുർആൻ സന്ദേശത്തോട് യോജിക്കാത്ത സിദ്ധാന്തം ശാസ്ത്രത്തിലുണ്ടെങ്കിൽ അതിന് ഖുർആൻ തെറ്റാണെന്ന് തെളിയിക്കാനും സാധ്യമല്ല. കാരണം അത്തരം സിദ്ധാന്തങ്ങൾ വിവാദമായി തുടരുകയും കാലക്രമേണ ശാസ്ത്രത്തിൽ നിന്ന് തള്ളപ്പെടുകയും ചെയ്യുന്നു.

ആധുനിക ശാസ്ത്രത്തിന്റെ ആവിർഭാവത്തിനു മുമ്പ് ഖുർആനിൽ ധാരാളം പ്രകൃതി പ്രതിഭാസങ്ങൾ പ്രസ്താവിക്കപ്പെട്ടിരുന്നിട്ടും മത പണ്ഡിതരോ മുസ്ലിം ശാസ്ത്രജ്ഞരോ

പ്രപഞ്ചത്തെ സംബന്ധിച്ച ആ സന്ദേശങ്ങളിൽ വിശ്വസിച്ചിരുന്നില്ല എന്നതാണ് സത്യം. ആധുനിക ശാസ്ത്രം ഈ പ്രതിഭാസങ്ങളെ കണ്ടെത്താൻ തുടങ്ങിയതോടെയാണ് മറ്റുള്ളവരെപോലെ നമ്മളും വിശ്വസിക്കാൻ തുടങ്ങിയത്. കൂടാതെ ഈ പ്രപഞ്ച പ്രതിഭാസങ്ങൾ ശാസ്ത്രം കണ്ടെത്തുമ്പോൾ ഖുർആനിലുണ്ടായിട്ടും അത്വരെ വിശ്വസിക്കാതിരുന്ന നമ്മൾ ആശ്ചര്യത്തോടെയും അഭിമാനത്തോടെയും ഇത് 1400 വർഷങ്ങൾക്കു മുമ്പ് ഖുർആൻ വെളിപ്പെടുത്തിയതാണെന്നു വിളിച്ചു പറയുന്ന കാഴ്ചയാണ് കാണുന്നത്. ഇതിവിടെ ഉന്നയിക്കാനുള്ള കാരണം ഇനിയും ശാസ്ത്രം കണ്ടെത്തിയിട്ടില്ലാത്ത പ്രപഞ്ച വസ്തുതകൾ ഖുർആനിലുണ്ടെന്നും, മുസ്ലിംകളായ നമ്മൾ ശാസ്ത്രം കണ്ടുപിടിക്കാതെ തന്നെ അവയിൽ വിശ്വസിക്കണമെന്നു സൂചിപ്പിക്കാനുമാണ്. കൂടാതെ ശാസ്ത്രത്തോടുള്ള നമ്മുടെ കാഴ്ചപ്പാടും സമീപനവും മാറേണ്ടിയിരിക്കുന്നു. ഖുർആൻ പോലെ തന്നെ ദൈവികമാണ് ശാസ്ത്രവും (ഖു. 3:7, 17:85, 2:255, 96:5). നബിമാരിലൂടെ പല കാലഘട്ടങ്ങളിൽ മതകാര്യങ്ങൾ വെളിപ്പെടുത്തിയതു പോലെ ശാസ്ത്രവിജ്ഞാനവും പല കാലഘട്ടങ്ങളിലായി ശാസ്ത്രജ്ഞരിലൂടെ അല്ലാഹുവാണ് നൽകുന്നത്. ശാസ്ത്രം മനുഷ്യന്റെ സൃഷ്ടിയല്ലെന്നും കണ്ടുപിടുത്തങ്ങളിൽ ആശ്ചര്യം കൂറുന്നതിനു പകരം ഖുർആനും ശാസ്ത്രവും ഒരേ സ്രോതസ്സിൽനിന്നുൽഭവിക്കുന്നത് കൊണ്ടാണ് അവ പരസ്പരപൂരകമാകുന്നതെന്ന തിരിച്ചറിവും നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

മറിച്ച്, അവിശ്വാസിക്കും നിരീശ്വരവാദിക്കും യുക്തിവാദിക്കും ഖുർആൻ–ശാസ്ത്ര പൊരുത്തം വിസ്മയമുളവാക്കുമെന്നതിൽ സംശയമില്ല. അവർ അങ്ങനെയെങ്കിലും സത്യം മനസ്സിലാക്കട്ടെ എന്ന സൂചനയാണ് ചില സൂക്തങ്ങളിലൂടെ അല്ലാഹു നൽകുന്നത്. ഖുർആനിൽ പ്രതിപാദിച്ച പ്രപഞ്ച രഹസ്യം ശാസ്ത്രം തുറന്നു കാട്ടുമ്പോൾ അങ്ങോട്ടേക്കു നോക്കാനാണ് അവിശ്വാസികളെ അല്ലാഹു ആഹ്വാനം ചെയ്യുന്നത്. ''അല്ലയോ അവിശ്വ ാസികളേ, നിങ്ങൾ കണ്ടില്ലേ, ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപെടുത്തുകയായിരുന്നുവെന്നും, വെള്ളത്തിൽ നിന്നാണ് നാം എല്ലാ ജീവ വസ്തുക്കളെയും സൃഷ്ടിച്ചതെന്നും? എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?'' (ഖു. 21:30). ഇവിടെ അല്ലാഹു സംബോധന ചെയ്യുന്നത് അവിശ്വാസികളെയാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇനിയും വിശ്വസിക്കുന്നില്ലെങ്കിൽ കൂടുതൽ തെളിവുകൾ നൽകി ഖുർആൻ സത്യമാണെന്നു അവരെ ബോധ്യപ്പെടുത്തുമെന്നും അല്ലാഹു പറയുന്നു: ''നീ പറയുക: നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ? ഇത് (ഖുർആൻ) അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കുകയും എന്നിട്ട് നിങ്ങളതിൽ അവിശ്വസിച്ചിരിക്കുകയുമാണെങ്കിൽ കടുത്ത മാത്സര്യത്തിൽ കഴിയുന്നവനെക്കാളും കൂടുതൽ പിഴച്ച് പോയവൻ ആരുണ്ട്? ഇത് (ഖുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ രക്ഷിതാവ് ഏത് കാര്യത്തിനും സാക്ഷിയാണ് എന്നതു തന്നെ മതിയായതല്ലേ?'' (ഖു. 41:52–53). ഖുർആനിക സന്ദേശങ്ങൾ സത്യമാണെന്ന് ഖുർആനിൽ വിശ്വസിക്കാത്തവർക്കു ശാസ്ത്രത്തിലൂടെ തെളിയിച്ചു കൊടുക്കുകയാണ് അല്ലാഹു. അത് അല്ലാഹുവിന്റെ ബൃഹത്തായ പദ്ധതിയുടെ ഭാഗമായിട്ടാണ് നാം കാണേണ്ടത്.

**ശാസ്ത്രം തെളിയിക്കാനിരിക്കുന്ന ഖുർആനിക സിദ്ധാന്തങ്ങൾ**

''ഖുർആനിക സിദ്ധാന്തം'' എന്ന പേര് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ഖണ്ഡിക്കാവുന്ന (falsifiable) ഖുർആനിക അവകാശവാദം എന്നു മാത്രമാണ്. ശാസ്ത്ര സിദ്ധാന്തത്തിന്റെ നിർവചനത്തിനു സമാനമായി അങ്ങനെ വിളിക്കാം. നിരീശ്വരവാദികൾ പറയുന്ന ഒരു കാര്യം, ഏത് കണ്ടുപിടുത്തമുണ്ടാകുമ്പോഴും മുസ്ലിംകൾ പറയുക അതവരുടെ ഖുർആനിൽ 1400 കൊല്ലം മുമ്പ് രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതയാണെന്നാണ്. കൂടെ ഒരു ചോദ്യവുമുണ്ടാകും – ഖുർആനിൽ പറഞ്ഞ ഏതൊക്കെ പ്രപഞ്ച രഹസ്യങ്ങളാണ് ഇനി കണ്ടുപിടിക്കാൻ ബാക്കിയുള്ളത്? ഖുർആൻ വെളിപ്പെടുത്തിയ പ്രപഞ്ചത്തെ സംബന്ധിച്ച വിഷയങ്ങളിൽ മുസ്ലിം ലോകം ഇതുവരെ ഗവേഷണം നടത്തിയിട്ടില്ലെന്നുള്ളത് ഖേദകരമായ

സത്യമാണ്. ഈ ഗണത്തിൽ പെടുന്ന ചില ഖുർആനിക സിദ്ധാന്തങ്ങൾ ഇവിടെ പരിശോധിക്കാം.

**1) ഭൂമി – ആദ്യം സൃഷ്ടിക്കപ്പെട്ട പ്രപഞ്ച ഘടകം**

ശാസ്ത്രക്കണക്കുകൾ സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിന്റെ ആരംഭം കുറിച്ച മഹാവിസ്ഫോടനം സംഭവിച്ചിട്ട് 13.7 ബില്യൻ വർഷങ്ങളായെന്നാണ്. നക്ഷത്രങ്ങളും, നക്ഷത്ര സമൂഹങ്ങളും (galaxy) ഉണ്ടായതിനു ശേഷമാണ് ഗ്രഹങ്ങളുണ്ടായത്. സൂര്യന്റെ ഗ്രഹമായ ഭൂമിയുണ്ടായിട്ട് ഇപ്പോൾ 4.55 ബില്യൻ വർഷങ്ങളായി. ഇതിനു വിപരീതമായാണ് ഖുർആന്റെ വെളിപ്പെടുത്തൽ – ഭൂമിയാണ് ആദ്യമുണ്ടായതെന്ന്. ''നീ പറയുക: രണ്ടുദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന്ന് നിങ്ങൾ സമന്മാരെ സ്ഥാപിക്കുകയും തന്നെയാണോ ചെയ്യുന്നത്? അവനാകുന്നു ലോകങ്ങളുടെ രക്ഷിതാവ്. അതിൽ (ഭൂമിയിൽ) – അതിന്റെ ഉപരിഭാഗത്ത് – ഉറച്ചുനിൽക്കുന്ന പർവ്വതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും, അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു. നാലു ദിവസങ്ങളിലായിട്ടാണ് (അവനത് ചെയ്തത്); ആവശ്യപ്പെടുന്നവർക്ക് വേണ്ടി ശരിയായ അനുപാതത്തിൽ. പിന്നെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ അനുസരണപൂർവ്വമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു.'' (ഖു. 41:9–11). ഈ ഖുർആൻ സൂക്തങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഭൂമിയെ അതിന്റെ പൂർണ്ണരൂപത്തിൽ സൃഷ്ടിച്ചു കഴിഞ്ഞപ്പോഴും അതിനു ചുറ്റുമുള്ള ആകാശം പുക മാത്രമായിരുന്നു. ''പുക''എന്ന ആലങ്കാരിക പ്രയോഗം മഹാവിസ്ഫോടനം പുറത്തു വിട്ട അയോൺ ധൂമപടലത്തോട് (ion cloud) സാമ്യമുള്ളതാണ്.

**2) ഏഴ് അടുക്കുകളായുള്ള ആകാശ സംവിധാനം**

ഒന്നിനു മീതെ മറ്റൊന്നായി ഏഴ് അടുക്കുകളായാണ് ആകാശത്തെ അല്ലാഹു സംവിധാനിച്ചിരിക്കുന്നത്. ഖുർആൻ പറയുന്നത് കാണുക: ''ഏഴു ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ട് വരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?'' (ഖു. 67:3). ''നിങ്ങൾ കണ്ടില്ലേ, എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നതെന്ന്?'' (ഖു. 71:15). പ്രപഞ്ചത്തിനു അങ്ങനെയൊരു സംവിധാനമുണ്ടെന്ന് ശാസ്ത്രത്തിൽ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

**3) ജീവൻ – ഒരു അഭൗതിക പ്രതിഭാസം**

ജീവൻ–മരണ പ്രതിഭാസങ്ങളിലേക്ക് വെളിച്ചം പകരുന്ന ഒരേയൊരു സ്രോതസ്സാണ് ഖുർആൻ. കളിമണ്ണുകൊണ്ടുണ്ടാക്കിയ ആദമിന്റെ പ്രതിമയിലേക്ക് അല്ലാഹു 'റൂഹ്' ('നഫ്സ്' എന്ന പദവും ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്) ഊതിയപ്പോൾ ജീവനില്ലാത്ത ആ പ്രതിമ ജീവനുള്ള ആദമായി പരിണമിക്കപ്പെട്ടു (ഖു. 15:26–29). ജീവന്റെ കാരണമായ 'റൂഹ്' ഒരു അദൃശ്യ (അഥവാ 'ഗയ്ബ്') പ്രതിഭാസമാണെന്നാണ് ഈ സൂക്തങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. അതായത് മനുഷ്യ ശരീരകോശങ്ങളിൽ പദാർത്ഥമല്ലാത്ത അദൃശ്യാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഒരു പ്രതിഭാസമാണ് 'റൂഹ്' അഥവാ 'നഫ്സ്' എന്നാണ്. കൂടാതെ റൂഹിനെ പറ്റി കൂടുതൽ അറിവ് മനുഷ്യനു നൽകിയിട്ടില്ലെന്നും അല്ലാഹു പറയുന്നു: ''നിന്നോടവർ റൂഹിനെപ്പറ്റി ചോദിക്കുന്നു. പറയുക: റൂഹ് എന്റെ രക്ഷിതാവിന്റെ കൽപനയിൽ നിന്നുള്ളതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല.'' (ഖു: 17:85). പക്ഷെ ജീവശാസ്ത്രം (biology) ജീവനെ അദൃശ്യ പ്രതിഭാസമായല്ല കാണുന്നത്; ഒരു ഭൗതിക പ്രതിഭാസമായാണ്. ഒരു ജീവിയുടെ ജീവപ്രവർത്തനങ്ങളെല്ലാം അതിന്റെ ജീനോമിന്റെ (genome) ഘടന (DNA) യാണ് നിർണ്ണയിക്കുന്നതെന്നും നിയന്ത്രിക്കുന്നതെന്നുമാണ് ജീ

വശാസ്ത്രം വിലയിരുത്തുന്നത്. ജീനോമെന്ന പേരിൽ അറിയപ്പെടുന്ന പദാർത്ഥമാണ് ജീവന്റെ ചാലകശക്തിയായ ജനിതകപ്രോഗ്രാം. ഈ സിദ്ധാന്തം ജീവൻ അദൃശ്യ പ്രതിഭാസമാണെന്ന ഖുർആനിക സിദ്ധാന്തത്തിനു വിരുദ്ധമാണ്. അക്കാരണം കൊണ്ടു തന്നെ ജീനോം സിദ്ധാന്തം തെറ്റാണെന്നു പറയാം. 'ജീൻ' എന്ന ആശയം 1909ൽ അവതരിപ്പിക്കുമ്പോൾ വിൽഹെം ജോഹാന്ന്സൻ ഓർമിപ്പിച്ചത് ജീൻ ഭൗതികമല്ലെന്നാണ്. ഈ ആശയം ഖുർആനിക സിദ്ധാന്ത (റൂഹ്) ത്തോടു യോജിക്കുന്നതായിരുന്നു. 'അഭൗതിക ജീൻ' ശാസ്ത്രജ്ഞർക്കു അംഗീകരിക്കാൻ പറ്റാത്ത ആശയമായതുകൊണ്ടാവാം മഹാവിസ്ഫോടന സിദ്ധാന്തത്തിനെതിരെ സുസ്ഥിരപ്രപഞ്ച സിദ്ധാന്തം കൊണ്ടുവന്നതു പോലെ അഭൗതിക ജീനിനെതിരെ പദാർത്ഥ അഥവാ തന്മാത്ര ജീൻ (molecular gene) സിദ്ധാന്തം കൊണ്ടുവന്നത്. ഡാർവിന്റെ പരാണാമ സിദ്ധാന്തം പോലെ പദാർത്ഥ ജീൻ സിദ്ധാന്തവും ഇന്നു കടുത്ത പ്രതിസന്ധിയിലാണ്.

കൃത്രിമ ജീവൻ ഉണ്ടാക്കാനുള്ള ശ്രമത്തിലാണ് ശാസ്ത്രജ്ഞന്മാരിപ്പോൾ. പക്ഷെ ജീവകോശം ഉപയോഗിച്ച് ജൈവപ്രക്രിയയിലൂടെ നിർമ്മിക്കുന്ന വസ്തുവെ കൃത്രിമ ജീവിയായോ, കൃത്രിമ ജീവനായോ കണക്കാക്കാവുന്നതല്ല. ജീവകോശത്തിന്റെ സഹായമില്ലാതെ രാസപ്രക്രിയ ഉപയോഗിച്ചുണ്ടാക്കുന്ന ജീവിയെ മാത്രമെ കൃത്രിമ ജീവിയായോ, കൃത്രിമ ജീവനായോ കണക്കാക്കാനാവൂ. ഖുർആനിക വെളിപാടുകളുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ രാസപദാർത്ഥമുപയോഗിച്ചു രാസപ്രക്രിയയിലൂടെ കൃത്രിമമായി ജീവനേയോ ജീവിയേയോ ഉണ്ടാക്കാനാവില്ലെന്നു വ്യക്തമാവുന്നതാണ്. അതിനായി നടത്തിയ ഇതുവരെയുള്ള ശ്രമങ്ങളെല്ലാം പരാജയമടയാനുള്ള കാരണവും അതു തന്നെയാണ്.

**4) മരണം – കീഴടക്കാനാവാത്ത പ്രതിഭാസം**

മരണം സുനിശ്ചിതമായ അന്ത്യത്തെ കുറിക്കുന്ന പ്രതിഭാസമാണ്. സ്രഷ്ടാവ് പറയുന്നത് കാണുക: ''ഏതൊരാളും മരണത്തെ ആസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.'' (ഖു. 29:57). ''അല്ലാഹുവിന്റെ ഉത്തരവനുസരിച്ചല്ലാതെ ഒരാൾക്കും മരിക്കാനൊക്കുകയില്ല. അവധി കുറിക്കപ്പെട്ട ഒരു വിധിയാണത്.'' (ഖു. 3:145). അവധി കുറിക്കപ്പെട്ട വിധിയാണ് മരണമെന്നു പറയുമ്പോൾ അത് പ്രോഗ്രാം ചെയ്യപ്പെട്ട ഒരു പ്രതിഭാസമായാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. അങ്ങനെയുള്ള പ്രതിഭാസമായാണ് ശരീരകോശങ്ങളുടെ മരണത്തെ (apoptosis) ശാസ്ത്രജ്ഞന്മാർ കാണുന്നതെങ്കിലും, ഒരു വ്യക്തിയുടെ മരണ കാരണം ശാസ്ത്രത്തിൽ അവ്യക്തമായി തുടരുകയാണ്. മരണമെന്ന പ്രതിഭാസത്തിനു ശാസ്ത്രത്തിൽ നിർവചനമില്ല. മസ്തിഷ്ക മരണമാണ് (brain death) മരണം എന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

ജീവൻ ഒരു ഭൗതിക പ്രതിഭാസമാണെന്ന തെറ്റായ ധാരണ പല പ്രതീക്ഷകൾക്കും വക നൽകുന്നു. ജീവനെ കൃത്രിമമായി ഉണ്ടാക്കാമെന്നു മാത്രമല്ല, മരണത്തെ അതിജീവിക്കാനും കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. ചികിത്സയില്ലാത്ത രോഗം പിടിപെട്ടു ഏതാണ്ട് മരണം സംഭവിച്ചാവസ്ഥയിലായ രോഗിയെ ശീതീകരിച്ചു സൂക്ഷിച്ചു (cryonics) ഭാവിയിൽ അനുയോജ്യമായ ചികിത്സ ലഭ്യമാകുമ്പോൾ രോഗിയെ ചികിത്സിച്ചു രോഗം ഭേദമാക്കി ജീവിക്കാനാവുമെന്നു പ്രതീക്ഷയുള്ളവരും ശീതീകരണത്തിനുള്ള സൗകര്യങ്ങളും ഇന്ന് ലഭ്യമാണ്. വാർദ്ധ്യകൃത്തെ സംബന്ധിച്ചുള്ള (gerontology) ധാരാളം പഠനങ്ങൾ ഇന്നു നടക്കുന്നുണ്ട്. വാർദ്ധ്യക്യ പ്രക്രിയയെ തടയാനുള്ളവയാണ് പ്രധാനമായും. അതിൽ വിജയിക്കുകയാണെങ്കിൽ മരണത്തെ കീഴടക്കാൻ എളുപ്പമാകുമെന്നാണ് കണക്കുകൂട്ടൽ. അനശ്വരത്വ വിഷയത്തിലും ഗവേഷണങ്ങൾ നടക്കുന്നുണ്ട്. അമേരിക്കയിലെ അലബാമയിലുള്ള Immortality Institute ന്റെ ദൗത്യം മരണത്തെ കീഴടക്കുകയെന്നതാണ്. *Scientific Conquest of Death* എന്ന പുസ്തകം ഈ സ്ഥാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവനെന്താണെന്നു പോലും അറിയാതെയാണ് മരണത്തെ കീഴടക്കാൻ ശ്രമിക്കുന്നതെന്ന വസ്തുത ശാസ്ത്ര ചരിത്രത്തിലെ

ഒരു വിരോധാഭാസമാണ്. ഈ ഗവേഷണങ്ങളെല്ലാം പരാജയമാകുന്നതോടെയായിരിക്കും മരണം കീഴടക്കാനാവുന്ന പ്രതിഭാസമല്ലെന്ന ദൈവിക വെളിപ്പെടുത്തൽ ശാസ്ത്രലോകം അംഗീകരിക്കുക.

**5. പ്രപഞ്ചത്തിന്റെ അന്ത്യവും പുനഃസൃഷ്ടിപ്പും**

ഈ പ്രപഞ്ചം അവസാനിക്കുമെന്നും (ഖു. 7:187, 21:104), അതിനു തുടർച്ചയായി മറ്റൊരു ശാശ്വത പ്രപഞ്ചത്തെ (ഖു. 21:104, 39:67) പുനഃസൃഷ്ടിക്കപ്പെടുമെന്നും ഖുർആൻ വെളിപ്പെടുത്തുന്നു. ''(പ്രപഞ്ചത്തിന്റെ) അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്....'' (ഖു. 7:187). ''ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടിക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യും.'' (ഖു. 21:104). ''അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു.'' (ഖു. 39:67). പുനഃസൃഷ്ടിക്കപ്പെടുന്ന പ്രപഞ്ചം അനശ്വരമായിരിക്കുമെന്നും ഖുർആനിൽ നിന്നു മനസ്സിലാക്കാം (ഖു. 4:57, 20:76). ഈ ഖുർആനിക വെളിപ്പെടുത്തലുകളെല്ലാം ഭാവിയെ സംബന്ധിച്ചായതുകൊണ്ട് അവയെ തെളിയിക്കാൻ സാധ്യമല്ല. പക്ഷെ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അവയെ വിശദീകരിക്കാനാവുന്നതാണ്.

ഖുർആനിക സൂക്തങ്ങൾ 21:104, 39:67 ലെ പുനഃസൃഷ്ടിയെ സംബന്ധിച്ച മൂന്ന് പ്രസ്താവനകൾ ശ്രദ്ധേയമാണ്. ഒന്നാമതായി, പ്രപഞ്ച പുനഃസൃഷ്ടി അതിന്റെ ആദ്യ സൃഷ്ടിയിൽ ദൈവം അവലംബിച്ച അതേ രീതിയിൽ തന്നെയായിരിക്കുമെന്നതാണ്. ഇതു വ്യക്തമാകുന്നത് പ്രപഞ്ച പുനഃസൃഷ്ടിപ്പിനെയും മഹാവിസ്ഫോടന മാതൃകയിൽ വിശദീകരിക്കാമെന്നാണ്. രണ്ടാമതായി, ആകാശങ്ങൾ ഒരു ചുരുൾ പോലെ ചുരുട്ടിക്കൂട്ടുന്നതാണ്. മൂന്നാമത്തേത്, പ്രപഞ്ചത്തിന്റെ വലിപ്പം ഒരു കൈപ്പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ശാസ്ത്ര സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ഈ പ്രസ്താവനകളെ വിലയിരുത്താവുന്നതാണ്. അലക്സാണ്ടർ ഫ്രീഡ്മാന്റെ ചില മാതൃകകൾ പ്രപഞ്ചം വികസിക്കുന്നതിൽ നിന്നും തിരിഞ്ഞ് പൂർവ്വസ്ഥിതിയിലേക്ക് (collapse) മടങ്ങുന്നതിന്റെ സാധ്യതകൾ സൂചിപ്പിക്കുന്നുണ്ട്. ഒരു നക്ഷത്രത്തിന്റെയോ അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ ഒന്നാകെയുള്ളതോ ആയ അത്തരം collapse ന്റെ സാധ്യതയെക്കുറിച്ച് സ്റ്റീഫൻ ഹാകിംഗ് തന്റെ *A Brief History of Time* എന്ന ഗ്രന്ഥത്തിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഈ രീഹഹമുലെ മഹാവിസ്ഫോടനത്തിന് സമാനമായ ഏകകേന്ദ്രീയ തമോഗർത്തം (singularity) രൂപപ്പെടുന്നതിലേക്ക് നയിക്കുകയും പ്രപഞ്ചമഖിലം ഒരു ചെറിയ വലുപ്പത്തിലേക്ക് ചുരുങ്ങി മഹാപതന (Big Crunch) ത്തിലെത്തുകയും ചെയ്യുന്നു. ആദ്യസൃഷ്ടിയിൽ മഹാവിസ്ഫോടന ഏകതയിൽ നിന്നെന്ന പോലെ Big Crunch ൽ നിന്ന് ഒരു പുതിയ പ്രപഞ്ചം രൂപംമെടുക്കാമെന്നും ശാസ്ത്രം സൂചിപ്പിക്കുന്നു (Khoury, et.al., From big crunch to big bang. ar.Xiv:hep-th/01018187v4) രണ്ടാം തവണ പ്രപഞ്ചം സൃഷ്ടിക്കുന്ന രീതി അതിന്റെ ആദ്യ സൃഷ്ടിയുടെ രീതി തന്നെയായിരിക്കുമെന്ന ഖുർആനിക പ്രസ്താവനയോട് പൂർണ്ണമായും ഈ ശാസ്ത്ര സിദ്ധാന്തങ്ങൾ യോജിക്കുന്നതായിക്കാണാം. അക്കാരണം തന്നെ ആ ശാസ്ത്ര സിദ്ധാന്തങ്ങളെ വിശ്വാസികൾക്കു അംഗീകരിക്കാൻ മതിയാവുന്നതാണ്.

പ്രപഞ്ചത്തിന്റെ ഭാവി അന്തിമമായി ആശ്രയിച്ചിരിക്കുന്നത് എത്ര അസ്പഷ്ട ഊർജ്ജം (dark energy) അതിനുണ്ടെന്നും, സാന്ദ്രത (density parameter, $\Omega$)യെയുമാണ്. ഒമേഗ ($\Omega$) യുടെ മൂല്യം ഒന്നാണെങ്കിൽ ആ പ്രപഞ്ചം 'പരന്ന പ്രപഞ്ചം' (flat universe) ആയിരിക്കുമെന്നും,

ഒന്നിൽ കൂടുതലാണെങ്കിൽ അത് 'അടഞ്ഞ പ്രപഞ്ചം' (closed universe) ആയിരിക്കുമെന്നും, ഒന്നിൽ കുറവാണെങ്കിൽ അത് 'തുറന്ന പ്രപഞ്ചം' (open universe) ആയിരിക്കുമെന്നുമാണ് ശാസ്ത്രം വിശദീകരിക്കുന്നത്. അടഞ്ഞ പ്രപഞ്ചം നശ്വരവും മഹാപതനത്തിലെത്തുന്നതുമാണ്. പരന്ന പ്രപഞ്ചം ശാശ്വതമായതാണ്. അപ്പോൾ ഖുർആന്റെ വെളിച്ചത്തിൽ ഈ പ്രപഞ്ചം അടഞ്ഞ പ്രപഞ്ചമായും, പുനഃസൃഷ്ടിക്കപ്പെടുന്ന പ്രപഞ്ചം പരന്ന പ്രപഞ്ചമായും കണക്കാക്കാം.

മനുഷ്യനെയും പ്രപഞ്ചത്തെയും ദൈവം എന്തുദ്ദേശ്യത്തോടെയാണ് സൃഷ്ടിച്ചതെന്നും, ദൈവികലക്ഷ്യം എന്താണെന്നും വെളിപ്പെടുത്തുന്ന ഏക സ്രോതസ്സാണ് ഖുർആൻ. സ്വബോധവും, സ്വയം തീരുമാനമെടുക്കാനുള്ള കഴിവും സ്വാതന്ത്ര്യവും നൽകി അല്ലാഹു സൃഷ്ടിച്ച റൊബോട്ടാണ് (ദാസൻ) മനുഷ്യൻ (ഖു. 51:56) – ഈ സവിശേഷതകളുള്ള ഏക പ്രപഞ്ചഘടകം! ഏകദൈവമായ അല്ലാഹുവിൽ വിശ്വസിച്ചു അവന്റെ നിർദ്ദേശങ്ങളനുസരിച്ചു മനുഷ്യൻ ജീവിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കുകയാണിവിടെ. തീരുമാന സ്വാതന്ത്ര്യമുള്ളതിനാൽ മനുഷ്യനു ഒന്നുകിൽ ദൈവത്തിനു സ്വയം അടിമപ്പെടാം അല്ലെങ്കിൽ ദൈവത്തെ നിഷേധിക്കാം. ഒരോ വ്യക്തിയും ഏതു തീരുമാനമാണെടുക്കുന്നതെന്നു പരീക്ഷിച്ചറിയുവാൻവേണ്ടി ദൈവം സൃഷ്ടിച്ചതാണ് ഈ താൽക്കാലിക പ്രപഞ്ചം (ഖു. 11:7). ഭൂമിയാണ് പരീക്ഷണവേദി. മനുഷ്യന് ഈ ജീവിതം പരീക്ഷണവും. പരീക്ഷണക്കാലം മുഴുവൻ നിലനില്ക്കുന്ന വിധത്തിൽ ആവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും വിഭവങ്ങളും ഈ പ്രപഞ്ചത്തിൽ അല്ലാഹു ഒരുക്കിവെച്ചിട്ടുണ്ട്. ഈ ദൈവികദൗത്യത്തെ ആധാരമാക്കിവേണം പ്രപഞ്ചത്തെ നാം പഠിക്കേണ്ടതും വിലയിരുത്തേണ്ടതും. ഏതൊരു വസ്തുവെയും അതെന്തുദ്ദേശ്യത്തോടുകൂടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നറിയാതെ അർത്ഥവത്തായി പഠിക്കാനോ, വിലയിരുത്താനോ സാധിക്കില്ല. പ്രപഞ്ച സംവിധാനവും അടിസ്ഥാനസൗകര്യങ്ങളും വിഭവങ്ങളും മറ്റും ഖുർആനിൽ പറഞ്ഞിരിക്കുന്ന മനുഷ്യ–പ്രപഞ്ച സൃഷ്ടിപ്പിന്റെ ദൈവികലക്ഷ്യവുമായി യോജിക്കുന്നതാണോയെന്ന് ശാസ്ത്രീയമായി വിശകലനം ചെയ്തു സ്ഥിരീകരിക്കാനാവുന്നതാണ്. ഖുർആന്റെ ദിവ്യത്വം തെളിയിക്കാനുള്ള ഒരു പ്രധാന രീതിയാണത്. അത്തരമൊരു വിലയിരുത്തലിൽ നിന്ന് ഖുർആൻ ദൈവിക വചനമാണെന്ന് സംശയാതീതമായി തെളിയുന്നതാണ്. ആ സമീപനത്തിലൂടെയും ഈശ്വരനുണ്ടെന്നു ശാസ്ത്രീയമായി തെളിയുന്നു. വിചാരം ബുക്ക്സ് പ്രസിദ്ധീകരിച്ച *മനുഷ്യ–പ്രപഞ്ച സൃഷ്ടിപ്പിന്റെ ദൈവികോദ്ദേശ്യം* എന്ന പുസ്തകത്തിൽ ആ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. പ്രപഞ്ചം ഒരു ദൈവിക കമ്പ്യൂട്ടർ വ്യവസ്ഥയാണെന്ന സിദ്ധാന്തമാണ് ആ വിശകലനത്തിന്റെ അടിത്തറ.

ഈശ്വരനുണ്ടെന്നു തെളിയിക്കാൻ പറ്റില്ലെന്ന ഈശ്വരവിശ്വാസമില്ലാത്ത ശാസ്ത്രജ്ഞന്മാരുടെയും മറ്റു നാസ്തികരുടെയും വാദം വെറും പൊള്ളയും അശാസ്ത്രീയവുമാണ്. ശാസ്ത്ര സിദ്ധാന്തങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡമായ 'ഖണ്ഡിക്കപ്പെടാനാവണമെന്ന ഗുണം' (falsifiability) പ്രയോഗിച്ചു തന്നെ ഈശ്വരവാദത്തെ സ്ഥിരീകരിക്കാമെന്നാണ് ഇവിടെ വിശദീകരിച്ചിരിക്കുന്നത്. അതിനായി ഖുർആനിലെ ഖണ്ഡിക്കാവുന്ന വെളിപാടുകളെയാണ് പരിഗണിച്ചത്. ഇവയിൽ പലതും ശാസ്ത്രത്തിലൂടെ ഇതിനകം സ്ഥിരീകരിക്കപ്പെട്ടു കഴിഞ്ഞവയാണ്. മറ്റു ചിലത് ഭാവിയിൽ തെളിയിക്കപ്പെടാവുന്നവയാണ്. അവ ശാസ്ത്ര സിദ്ധാന്തങ്ങൾ പോലെ നിലകൊള്ളുന്നു. ഈ വെളിപാടുകൾ ശാസ്ത്ര സത്യമാണെന്നു തെളിയുക വഴി ഖുർആൻ ദിവ്യഗ്രന്ഥമാണെന്നും സ്ഥാപിക്കപ്പെടുന്നു. അതിലൂടെ അല്ലാഹു സത്യമാണെന്നു വ്യക്തമാകുന്നു. ഇതിനു വിപരീതമായി നിരീശ്വരവാദം തെളിയിക്കാൻ സാധിക്കാത്ത, ഖണ്ഡിക്കാനാകുന്ന പ്രവചനങ്ങൾ നൽകാത്ത, ശാസ്ത്ര സിദ്ധാന്തമായിപ്പോലും പരിഗണിക്കാൻ പറ്റാത്ത കേവലം ഒരു സങ്കൽപമാണെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. വിശ്വാസങ്ങളുടെ സാധുതയും യോഗ്യതയും ശാസ്ത്രാടിസ്ഥാനത്തിൽ മാത്രമായിരിക്കണം നിർണ്ണയിക്കേണ്ടതെന്നു നിർബന്ധമുള്ള നിരീശ്വരവാദികൾ അവരുടെ വിശ്വാസത്തിനു ശാസ്ത്രീയടിത്തറ കണ്ടത്തേണ്ടിയിരിക്കുന്നു.